**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2462** **21-01-2021 - ൽ മറുപടിയ്ക്ക്**

**നെടുമങ്ങാട് മണ്ഡലത്തിലെ കായിക വകുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ദിവാകരൻ** | | **Shri E. P. Jayarajan**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായിക വകുപ്പ് മുഖാന്തിരം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം നൽകുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായിക വകുപ്പ് മുഖാന്തിരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പ്രവൃത്തികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. 2018-19-ലെ ബഡ്ജറ്റിൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയിൽ സ്റ്റേഡിയം പണിയുന്നതിന് ഒരു കോടി രൂപ വകയിരുത്തുകയും പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഡി.പി.ആർ തയ്യാറാക്കുകയും പ്രസ്തുത ഡി.പി.ആർ പരിശോധിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനായി കായികയുവജനകാര്യാലയ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. വിശദമായ പരിശോധനയിൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള നിർദ്ദിഷ്ട സ്ഥലത്ത് കെ.എം.ബി.ആർ, മറ്റ് നിയമ-സാങ്കേതിക തടസ്സങ്ങൾ കാരണം ബ്ലോക്ക് പഞ്ചായത്ത് അധികൃതർ സമർപ്പിച്ച മാതൃകയിലുള്ള ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുവാൻ സാദ്ധ്യമല്ല. ഈ സാഹചര്യത്തിൽ പ്രസ്തുത സ്റ്റേഡിയം കായിക എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർമ്മിക്കാൻ സ്പോർട്സ് ഡയറക്ടർക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് സ്റ്റേഡിയം നിർമ്മാണത്തിനുള്ള തുടർ നടപടികൾ കായിക എഞ്ചിനീയറിംഗ് വിഭാഗം സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ